(സി) കോർപ്പറേഷൻ നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറി ലാഭത്തിലേക്ക് എത്തിക്കുന്നതിനുള്ള പദ്ധതികൾ ഉൾപ്പെടുത്തി ഒരു പുനരുദ്ധാരണ പാക്കേജിന് ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പാക്കേജിലെ ഒരു പ്രധാന ഇനം കോർപ്പറേഷന്റെ വിപണി മൂല്യം വർദ്ധിപ്പിക്കുന്നതിനായി ആസ്തി വകകളുടെ മൂല്യ നിർണ്ണയം നടത്തുക എന്നതായിരുന്നു. ഇതിൻ പ്രകാരമാണ് M/s Varma & Varma എന്ന സ്ഥാപനത്തെ മൂല്യനിർണ്ണയം നടത്തുന്നതിനായി നിയോഗിച്ചത്.

(ഡി) ആകെ ബാദ്ധ്യത - 29 ലക്ഷം രൂപയിൽ.

കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ ആനുകൂല്യങ്ങൾ

327 (329) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ ആനുകൂല്യങ്ങൾ ഏതു മാസം വരെ നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ ;

(ബി) ഇപ്പോൾ എത്ര മാസത്തെ കടിശ്ശികയാണ് ഇവർക്ക് നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പെൻഷൻ കടിശ്ശിക പൂർണ്ണമായും നൽകുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കോടതിവിധി നിലവിലുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) കടിശ്ശിക എന്നത്തേക്ക് കൊടുത്തു തീർക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

ഉത്തരം

(എ & ബി) കെ.എസ്.ആർ.ടി.സി.യിൽ സെപ്റ്റംബർ 2014-ലെ പെൻഷൻ തുക ഭാഗികമായി വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത മാസം മിനിമം പെൻഷൻ തുകയുള്ള പെൻഷൻകാർക്ക് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. ഒക്ടോബർ 2014 മുതലുള്ള പെൻഷൻ തുക പൂർണ്ണമായും വിതരണം ചെയ്തിട്ടില്ല.

(സി) ഉണ്ട്. കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് 22-4-2011-ൽ ബഹു. കേരളാ ഹൈക്കോടതി W.P.(c) No. 4141/2014 നമ്പർ കേസിൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) കോർപ്പറേഷൻ നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധിയാണ് നേരിടുന്നത്. പ്രതിമാസ വരുമാനത്തിൽനിന്നും പെൻഷൻ കൊടുക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly